## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*106 11.02.2016 -ലെ

മറുപടിയ്ക്ക്

# കോഴിക്കോട് സർവ്വകലാശാലയ്ക്ക് വേണ്ടി അക്വയർ ചെയ്ത സ്ഥലം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.ജമീലാ പ്രകാശം<br>ശ്രീ.സി.കെ.നാണു<br>,, ജോസ് തെറ്റയിൽ<br>,, മാത്യു റ്റി.തോമസ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | 1970-കളിൽ കോഴിക്കോട് സർവ്വകലാശാലക്ക വേണ്ടി അക്വയർ ചെയ്ത സ്ഥലത്തു നിന്ന് എഴുപത് ഏക്കർ സ്ഥലം കിൻഫ്രാ ഏറ്റെടുത്തിട്ടുണ്ടോ; | (എ) | സിൻഡിക്കേറ്റ് തീരുമാനപ്രകാരം **28.58** ഹെക്ടർ **(70 Acre nearly)** കിൻഫ്രായ്ക്ക് നൽകിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച നടപടികളുടെ തുടക്കം കുറിച്ചത് ആരാണെന്നും അതിനെത്തുടർന്ന് സ്വീകരിക്കപ്പെട്ട മറ്റു നടപടികളുടെ വിശദാംശങ്ങളും വ്യക്തമാക്കാമോ; | (ബി) | കിൻഫ്ര ഇൻഡസ്ട്രീയൽ പാർക്ക് അതോറിറ്റിയുടെ അപേക്ഷപ്രകാരമാണ് സ്ഥലം നൽകാനുള്ള നടപടികൾക്ക് തുടക്കം കുറിച്ചത്. അന്നത്തെ വിദ്യാഭ്യാസമന്ത്രി വ്യവസായ വകുപ്പ് മന്ത്രി, യൂണിവേഴ്സിറ്റി വൈസ് ചാൻസലർ എന്നിവർ നടത്തിയ ചർച്ചയെത്തുടർന്ന് സിൻഡിക്കേറ്റ് ചർച്ച ചെയ്യുകയും സ്ഥലം നൽകാൻ ഉത്തരവായതായും കാണുന്നു. ചർച്ച നടന്ന തീയതി 27.11.1992. |
| (സി) | കോഴിക്കോട് സർവ്വകലാശാല സിൻഡിക്കേറ്റ് ഇക്കാര്യം എപ്പോഴെങ്കിലും ചർച്ച | (സി) | സർവ്വകലാശാല സിൻഡിക്കേറ്റ്, സ്ഥലം കൊടുക്കുവാനുള്ള അപേക്ഷ പരിഗണിക്കുകയും അതേ തുടർന്ന് വിശദമായ ചർച്ചകൾക്ക് ശേഷം |

| | | | |
|---|---|---|---|
| | ചെയ്തിരുന്നോ; എങ്കിൽ തീരുമാനങ്ങളെന്തായിരുന്നു ; | | സ്ഥലം കൊടുക്കുവാൻ തീരുമാനം എടുക്കുകയും ചെയ്തു. |
| (ഡി) | പ്രസ്തുത സ്ഥലം കിൻഫ്രായ്ക്ക് നല്കുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നോ; | (ഡി) | അന്നത്തെ വിദ്യാഭ്യാസമന്ത്രി യൂണിവേഴ്സിറ്റി വൈസ് ചാൻസലറും, വ്യവസായവകുപ്പ് മന്ത്രിയും കൂടി നടത്തിയ ചർച്ചയെത്തുടർന്നാണ് സ്ഥലം കൊടുക്കുന്നതിനുള്ള തുടർ നടപടി എടുത്തിട്ടുള്ളത്. |
| (ഇ) | എങ്കിൽ അത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ്എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കുമോ ? | | അന്നത്തെ വിദ്യാഭ്യാസ മന്ത്രി യൂണിവേഴ്സിറ്റി വൈസ്ചാൻസലറും, വ്യവസായവകുപ്പ് മന്ത്രിയും ചേർന്ന് 27.11.1992 ൽ നടത്തിയ ചർച്ചയിൽ പ്രസ്തുത സ്ഥലകൈമാറ്റ പദ്ധതി തത്വത്തിൽ അംഗീകരിച്ചതായി കാണുന്നു. |

സെക്ഷൻ ഓഫീസർ